യശാലകൾക്കെതിരെ നടപടി സ്വീകരിക്കാനും അടയ്ക്കുന്നതുൾപ്പെടെയുള്ള ഉത്തരവുകൾ നൽകാനും നിയമലംഘകർക്കെതിരെ കേസ്സുകൾ ഫയൽചെയ്യാനും, ചെറുകിട വ്യവസായങ്ങൾക്ക് അനുമതികൾ പുതുക്കി നൽകാനുമുള്ള അധികാരങ്ങൾ അവയിലുൾപ്പെടുന്നു.

(ഡി) ഉണ്ട്. നദികളിലെ മലിനീകരണ നിവാരണത്തിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 1974-ലെ ജലനിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായശാലകളിൽനിന്നും മറ്റുമുള്ള പാഴ്ജലം ശുദ്ധീകരിച്ചശേഷം മാത്രമേ പുറന്തള്ളുന്നുവെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. മലിനീകരണ നിയന്ത്രണത്തിൽ മുൻഗണന യർഹിക്കുന്ന സംസ്ഥാനത്തെ 10 പ്രമുഖ നദികളിലെ മലിനീകരണം ഒഴിവാക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് വഴി കേന്ദ്ര സർക്കാരിലെ പരിസ്ഥിതി വനം മന്ത്രാലയത്തിന് ബോർഡ് അനുമതിക്കും, സാമ്പത്തികസഹായത്തിനുമായി സമർപ്പിച്ചിട്ടുണ്ട്.

(ഇ) ശബരിമല തീർത്ഥാടന കാലത്ത് എൻവയോൺമെന്റൽ എൻജിനീയർതലത്തിൽ പമ്പയിലും അസിസ്റ്റന്റ് എൻവയോൺമെന്റൽ എൻജിനീയർ തലത്തിൽ സന്നിധാനത്തും ക്യാമ്പ് ഓഫീസുകളും അവയോട് ചേർന്ന് ലാബോറട്ടറികളും പ്രവർത്തിക്കുന്നു. ഈവർഷം നവംബർ 14ന് ആരംഭിച്ച ഓഫീസുകൾ ജനുവരി 18 വരെ തുടരും. പമ്പാനദിയിലെ ജലഗുണനിലവാരം ദിവസവും നിർണ്ണയം ചെയ്യുകയും പമ്പയിലെയും ശബരിമലയിലേയും സാനിട്ടറി പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തുകയും ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിപ്പിക്കുകയും ചെയ്യുന്നു. കൂടുതൽ കക്കൂസുകൾ നിർമ്മിപ്പിക്കാനും അവ ഉപയോഗിക്കുവാനും തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം നിരുൽസാഹപ്പെടുത്തുവാനും പോലീസിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു. കുടിവെള്ളത്തിനുവേണ്ടിയുള്ള ഇൻടേക്ക് പോയിന്റിനു സമീപമുള്ള മലമൂത്ര വിസർജ്ജനവും കുളിയും തടയുവാനായി കമ്പിവേലികെട്ടിച്ചിട്ടുണ്ട്. കക്കൂസുകളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്ന പിറ്റുകൾ നിറഞ്ഞുകവിയാൻ അനുവദിക്കാതെ പമ്പുചെയ്ത് ചെറിമാനവട്ടത്ത് എത്തിക്കാനും അവിടെ കൂടുതൽ പ്രശ്നമുണ്ടാകാത്തവിധം നിർമ്മാർജ്ജനം ചെയ്യാനും ആവശ്യമായ നടപടികൾ ബോർഡിന്റെ നിർദ്ദേശപ്രകാരം സ്വീകരിച്ചിട്ടുണ്ട്. ചപ്പുചവറുകൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ പമ്പയിലും, ശബരിമലയിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെയും, സ്റ്റോറേജ് ടാങ്കുകളിലെ കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

10 (*305) യു.എ.ഇ യിലെ വിസനിയന്ത്രണംമൂലം മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) യു.എ.ഇ. യിൽ പുതിയ മേഖലകളിൽ അടുത്ത മൂന്ന് വർഷങ്ങളിൽ ഉണ്ടാകാവുന്ന തൊഴിൽ അവസരങ്ങൾ കേരളീയർക്ക് ലഭിക്കുന്നതിന് വേണ്ടി സർവ്വേയും പരിശീലനവും നോർക്ക സംഘടിപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) യു.എ.ഇ. യിലെ കടുത്ത വിസ നിയന്ത്രണം മൂലം മലയാളികൾ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) 1999 ജൂലൈ മാസത്തിൽ യു.എ.ഇ സർക്കാർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്നുള്ള തൊഴിലാളികൾക്ക് വിസനിയന്ത്രണം ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടപ്പോൾ സംസ്ഥാന സർക്കാർ കേന്ദ്ര വിദേശകാര്യവകുപ്പുമായും, യു.എ.ഇ യിലെ ഇന്ത്യൻ അംബാസഡറുമായും ബന്ധപ്പെടുകയും യു.എ.ഇ സർക്കാരിന്റെ വിസനിയന്ത്രണ തീരുമാനം പുന:പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലും, അബുദാബിയിലെ ഇന്ത്യൻ അംബാസഡറും ഈ പ്രശ്നം യു.എ.ഇ യിലെ ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

യു.എ.ഇ യിൽ ഇപ്പോഴുള്ള അധിക തൊഴിലാളികളുടെ സേവന ക്രമീകരണത്തിനും അവിടത്തെ ജനസംഖ്യാസന്തുലിനാവസ്ഥ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ നടപടിയെന്നും ഇത് താത്ക്കാലികമാകാനാണ് സാദ്ധ്യതയെന്നുമാണ് അറിയുന്നത്.

11 (*306) യാചകരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എം. ദാസൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങൾ യാചക നിരോധനമേഖലയായി പ്രഖ്യാപിക്കുവാൻ സർക്കാർ ആലോചിക്കുമോ;

(ബി) പ്രസ്തുത നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന യാചകവൃത്തി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) യാചകവൃത്തിയിൽ ഏർപ്പെടുത്തുന്നതിന്റെ മറയിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly